SHC/OFFICE/186/2026-27 Date : 05-02-2026

# NOTICE

Attention Students: Kerala State Higher Education Council Scholarship for 1st year UG students in aided courses for the academic year 2025-2026 has started. Eligible students are requested to submit online application before 28.02.2026. Students must submit hardcopy of application form along with required documents at Scholarship counter on or before 10.03.2026. Please visit https://scholarship.kshec.kerala.gov.in/ for more details. For queries contact the scholarship section.

SACRED HEART COLLEGE AUTONOMOUS 1944 THEVARA, KOCHI-682013

Biju C.S

Dr. Biju C.S
Principal
Sacred Heart College (Autonomous)
Thevara, Kochi-682013

# കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ

**KSHEC-A4/UGFresh 2025-26/460/2026** **31/01/2026**

## വിജ്ഞാപനം

കേരളത്തിലെ സർവ്വകലാശാലകളോട് അഫിലിയേറ്റു ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലും, ഐ.എച്ച്.ആർ.ഡി അപ്ലൈഡ് സയൻസ് കോളേജുകളിലും ബിരുദ കോഴ്സുകളിൽ 2025-26 അധ്യയനവർഷം ഒന്നാം വർഷ എയ്ഡഡ് പ്രോഗ്രാമുകളിലേയ്ക്ക് പ്രവേശനം ലഭിച്ച വിദ്യാർത്ഥികളിൽനിന്നും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണത്തിനുവേണ്ടി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

അപേക്ഷകൾ scholarship.kshec.kerala.gov.in എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് **2026 ജനുവരി 31 മുതൽ 2026 ഫെബ്രുവരി 28** വരെ ഓൺലൈനായി സമർപ്പിക്കാം.

**ആർക്കെല്ലാം അപേക്ഷിക്കാം ?**

സയൻസ്, സോഷ്യൽ സയൻസ്, ഹ്യുമാനിറ്റീസ്, ബിസിനസ് സ്റ്റഡീസ് വിഷയങ്ങളിൽ കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ, എയ്ഡഡ് കോഴ്സുകളിൽ പഠിക്കുന്ന ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്കും FYUGP പ്രകാരം പഠിക്കുന്നവർക്കും അപേക്ഷിക്കാം. കൂടാതെ, സമാനമായ കോഴ്സുകൾക്ക് ഐ.എച്ച്.ആർ.ഡി അപ്ലൈഡ് സയൻസ് കോളേജുകളിൽ പഠിക്കുന്ന ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികളും അപേക്ഷിക്കാൻ അർഹരാണ്. അപേക്ഷകർ ഇന്ത്യൻ പൗരൻമാരായിരിക്കണം. പ്രൊഫഷണൽ കോഴ്സുകൾക്കും/ സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾക്കും പഠിക്കുന്ന വിദ്യാർത്ഥികൾ അപേക്ഷിക്കേണ്ടതില്ല.

| **അപേക്ഷിക്കാനുള്ള മിനിമം യോഗ്യതാ മാനദണ്ഡം** | | |
|---|---|---|
| **എസ്.ടി** | എല്ലാ വിഷയങ്ങൾക്കും | പാസ്സ് |
| **എസ്.സി** | സയൻസ്, ഹ്യുമാനിറ്റീസ് & സോഷ്യൽ സയൻസ് | 55% |
| | ബിസിനസ്സ് സ്റ്റഡീസ് | 60% |
| ഫിസിക്കലി ചലഞ്ച്ഡ് | എല്ലാ വിഷയങ്ങൾക്കും | 45% |
| ബി.പി.എൽ, ഒ.ബി.സി | സയൻസ് | 60% |
| | ഹ്യുമാനിറ്റീസ് & സോഷ്യൽ സയൻസ് | 55% |
| | ബിസിനസ്സ് സ്റ്റഡീസ് | 65% |
| **മറ്റുള്ളവർ** | സയൻസ് & ബിസിനസ്സ് സ്റ്റഡീസ് | 75% |
| | ഹ്യുമാനിറ്റീസ് & സോഷ്യൽ സയൻസ് | 60% |

| സ്കോളർഷിപ്പ് തുക | | | |
|---|---|---|---|
| ബിരുദ പഠനത്തിന് | | ബിരുദാനന്തര ബിരുദതലത്തിൽ തുടർ പഠനത്തിന് | |
| ഒന്നാം വർഷം | 12,000/- രൂപ | ഒന്നാം വർഷം | 40,000/- രൂപ |
| രണ്ടാം വർഷം | 18,000/- രൂപ | *രണ്ടാം വർഷം | 60,000/- രൂപ |
| മൂന്നാം വർഷം | 24,000/- രൂപ | * FYUGP പ്രകാരം ബാധകം | |
| *നാലാം വർഷം | 40,000/- രൂപ | | |
| *40 ശതമാനമോ അതിനു മുകളിലോ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് തുകയുടെ 25% അധികമായി നൽകുന്നു. | | | |

| വിവിധ വിഭാഗങ്ങൾക്കുള്ള സ്കോളർഷിപ്പുകൾ | |
|---|---|
| എസ്.സി/എസ്.ടി | 10% |
| ബി.പി.എൽ | 10% |
| ഒ.ബി.സി | 27% |
| ഫിസിക്കലി ചലഞ്ച്ഡ് | 3% |
| പൊതുവിഭാഗം | 50% |

**<u>മറ്റുവിവരങ്ങൾ</u>**

1. ഈ അദ്ധ്യായന വർഷം (2025-26) 1000 സ്കോളർഷിപ്പുകളാണ് അനുവദിക്കുന്നത്.
2. ഓരോ സർവ്വകലാശാലകളിലും, ഓരോ സ്ട്രീമിലും അനുവദിച്ചിട്ടുള്ള ആകെ സീറ്റുകൾക്ക് ആനുപാതികമായിട്ടായിരിക്കും സ്കോളർഷിപ്പ് അനുവദിക്കുന്നത്.
3. ഫീസ് ആനുകൂല്യം ഒഴികെ മറ്റേതെങ്കിലും തരത്തിലുള്ള സ്കോളർഷിപ്പുകളോ സ്റ്റൈപ്പന്റുകളോ കൈപ്പറ്റുന്ന വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അർഹരല്ല. (പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു ലഭിക്കുന്ന ലംപ്സം ഗ്രാന്റിനേയും കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് നൽകുന്ന ഹിന്ദി സ്കോളർഷിപ്പിനേയും ഈ നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.)

**<u>അപേക്ഷിക്കേണ്ട രീതി</u>**

1. വിദ്യാർത്ഥികൾ അപേക്ഷകൾ ഓൺലൈനായി **2026 ജനുവരി 31 മുതൽ 2026 ഫെബ്രുവരി 28** വരെ സമർപ്പിക്കാവുന്നതാണ്. ഇതിനായി scholarship.kshec.kerala.gov.in എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
2. Register/Login ക്ലിക്ക് ചെയ്ത് One time Registration പൂർത്തിയാക്കുക.

3. One time Registration പൂർത്തിയാക്കിയതിന് ശേഷം Student Login ൽ Registered Email Id and Password നൽകി Profile Page പൂർത്തിയാക്കുക.

4. Qualification Add ചെയ്യുക.

5. അതിന് ശേഷം Apply for Scholarship ക്ലിക്ക് ചെയ്യുക.

6. വിജയകരമായി അപേക്ഷാ സമർപ്പണം പൂർത്തിയാക്കിയാൽ Submitted Applications എന്ന മെന്യുവിൽ ക്ലിക്ക് ചെയ്ത് ആപ്ലിക്കേഷൻ പ്രിന്റ്ഔട്ട് എടുക്കുക. അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന രജിസ്ട്രേഷൻ Id യും പാസ്‌വേർഡും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

7. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട്, അതിൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്. **(സമർപ്പിക്കുന്ന രേഖകളുടെ ഒരു പകർപ്പ് വിദ്യാർത്ഥികൾ കൈവശം സൂക്ഷിക്കേണ്ടതാണ്.)**

| **അപ്‌ലോഡ് ചെയ്യേണ്ട ഡോക്യുമെന്റ്സ്** | |
|---|---|
| പൊതുവിഭാഗം (ഇതിൽ പറഞ്ഞിരിക്കുന്ന ഡോക്യുമെന്റ്സ് എല്ലാ വിഭാഗത്തിൽപ്പെട്ടവരും അപ്‌ലോഡ് ചെയ്യണം) | ഫോട്ടോ, സിഗ്നേച്ചർ, ബാങ്ക് പാസ്സ് ബുക്ക്, SSLC സർട്ടിഫിക്കറ്റ്, പ്ലസ് ടു മാർക്ക് ലിസ്റ്റ് *CBSE/ICSE സ്കീമുകളിലെ വിദ്യാർത്ഥികൾ നേറ്റിവിറ്റി/ബർത്ത് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യണം. |
| എസ്.ടി | ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് |
| എസ്.സി | ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് |
| ഫിസിക്കലി ചലഞ്ച്ഡ് | മെഡിക്കൽ ബോർഡിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് |
| ബി.പി.എൽ | ബി.പി.എൽ സർട്ടിഫിക്കറ്റ് |
| ഒ.ബി.സി | ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും |

## <u>കോളേജ് അധികൃതർ ചെയ്യേണ്ടവ</u>

1. വിദ്യാർത്ഥി സമർപ്പിക്കുന്ന രേഖകളും രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ടും ഓൺലൈൻ മുഖേന സ്ഥാപന മേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ Institution User Login ൽ സൂക്ഷമമായി പരിശോധിക്കേണ്ടതാണ്. (verification)
2. പരിശോധന നടത്തി അർഹരായിട്ടുള്ളവരുടെ അപേക്ഷകൾ സ്ഥാപന മേധാവി ഓൺലൈൻ മുഖേന Institution Head Login ൽ സൂക്ഷ്മ പരിശോധന നടത്തി അംഗീകരിച്ചിരിക്കണം. (Approval)

3. ഓൺലൈൻ വെരിഫിക്കേഷനും അപ്രൂവലും ചെയ്ത അപേക്ഷകൾ മാത്രമെ പരിഗണിക്കുകയുള്ളൂ.
4. സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ അതാതു സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. പ്രൊവിഷണൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം കൗൺസിൽ നിശ്ചയിക്കുന്ന സമയ പരിധിക്കുള്ളിൽ അതിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളുടെ അപേക്ഷാ ഫോമുകളുടെ പ്രിന്റ് ഔട്ടും അനുബന്ധ രേഖ കളും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഓഫീസിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

<u>**സ്ഥാപന മേധാവി കൗൺസിലിൽ സമർപ്പിക്കേണ്ട രേഖകൾ**</u>

1. സാധ്യത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥിയുടെ, പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ ഒറിജിനൽ അപേക്ഷാ ഫാറം.
2. പ്രസ്തുത വിദ്യാർത്ഥിയുടെ പൗരത്വം, പ്രായം, ജനനതീയതി എന്നിവ തെളിയിക്കുന്നതിലേയ്ക്കായി SSLC സർട്ടിഫിക്കറ്റിന്റെ പ്രിൻസിപ്പാൾ/ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (SSLC യ്ക്ക് തത്തുല്യമായ പരീക്ഷ ജയിച്ച വിദ്യാർത്ഥികൾ നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ പ്രിൻസിപ്പൽ / ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം.)
3. SSLC/തത്തുല്യ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ പ്രിൻസിപ്പൽ / ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
4. പ്ലസ് ടു/ തത്തുല്യ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ പ്രിൻസിപ്പാൾ / ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
5. പ്രസ്തുത വിദ്യാർത്ഥിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിന്റെ ഒന്നാം പേജിന്റെ പ്രിൻസിപ്പൽ / ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (**വിദ്യാർത്ഥിയുടെ പേര്, അക്കൗണ്ട് നമ്പർ, കോഡ്, വിലാസം എന്നിവ വ്യക്തമായിരിക്കണം.**)
6. ബി.പി.എൽ വിഭാഗത്തിൽപെടുന്ന അപേക്ഷകർ ആ വിഭാഗത്തിൽപെട്ടതാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പ്രിൻസിപ്പാൾ / ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്.
7. ശാരീരിക വെല്ലുവിളികൾ നേരിടുന്ന അപേക്ഷകർ 40% ത്തിലധികം അംഗ വൈകല്യം ഉണ്ടെന്ന് ഒരു ഗവൺമെന്റ് മെഡിക്കൽ ബോർഡ് നൽകിയ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പ്രിൻസിപ്പാൾ / ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്.

8. എസ്.സി/എസ്.ടി/ഒ.ബി.സി വിഭാഗത്തിൽ ഉൾപ്പെടുന്ന അപേക്ഷകർ അത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
9. ഒ.ബി.സി സംവരണാനുകൂല്യം ലഭിക്കുന്നതിന് അപേക്ഷകർ വാർഷിക വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. (വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.)

<u>അവസാന തീയതികൾ</u>

1. ഓൺലൈനായി വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **2026 ഫെബ്രുവരി 28.**
2. രജിസ്ട്രേഷൻ പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി **2026 മാർച്ച് 10.**
3. സ്ഥാപന മേധാവികൾ ഓൺലൈൻ മുഖേന Verification ഉം Approval ഉം പൂർത്തിയാക്കേണ്ട അവസാന തീയതി **2026 മാർച്ച് 25.**

അപേക്ഷയിൽ നൽകിയിരിക്കുന്ന വിവരങ്ങൾ ശരിയും പൂർണവും ആണെന്ന് അപേക്ഷകർ ഉറപ്പുവരുത്തേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ അവ പരിശോധിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരും സ്ഥാപനമേധാവികളും വീണ്ടും പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. **(തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷ കൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതായിരിക്കും.)**

**Sd/-**

**മെമ്പർ സെക്രട്ടറി**

# കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ

(CONSTITUTED BY KERALA STATE LEGISLATURE BY NOTIFICATION NO.19536/LEG. UNI.3/2007/LAW.DATED. THIRUVANANTHAPURAM, 15TH OCTOBER, 2007)
സയൻസ് & ടെക്നോളജി മ്യൂസിയം ക്യാമ്പസ്സ്, വികാസ് ഭവൻ.പി.ഒ., തിരുവനന്തപുരം - 695 033
TELEPHONE: 0471 230 1297

The Kerala State Higher Education Council
Equity Excellence

# സ്കോളർഷിപ്പ് പദ്ധതി 2025-26

## അപേക്ഷകൾ ക്ഷണിക്കുന്നു

### അപേക്ഷകർ ചെയ്യേണ്ടത്

- അപേക്ഷകർ ഉന്നത വിദ്യാദ്യാസ കൗൺസിലിന്റെ വെബ്സൈറ്റിൽ നേരിട്ട് രജിസ്റ്റർ ചെയ്യുക. (scholarship.kshec.kerala.gov.in)
- അവിടെ ലഭ്യമാകുന്ന ഫോറത്തിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നൽകി ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ കോപ്പിയെടുത്ത് നിർദ്ദിഷ്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളോടൊപ്പം പഠിക്കുന്ന സ്ഥാപന മേലധികാരിക്ക് സമർപ്പിക്കുക.

### ശ്രദ്ധിക്കുക

- തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതായിരിക്കും.
- കൗൺസിലിന്റെ വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്ന താൽക്കാലിക സെലക്ഷൻ ലിസ്റ്റ് പരിശോധിക്കുക.

### വിവിധ വിഭാഗങ്ങൾക്കുള്ള സ്കോളർഷിപ്പുകൾ

| | |
|---|---|
| എസ്. സി./എസ്. റ്റി. | 10% |
| ബി. പി. എൽ. | 10% |
| ഒ. ബി. സി. | 27% |
| ഭിന്നശേഷി വിഭാഗം | 3% |
| പൊതുവിഭാഗം | 50% |

### സ്കോളർഷിപ്പ് വിതരണം

- സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ച് സ്കോളർഷിപ്പിന് തെരഞ്ഞെടുക്കപ്പെടുന്നവരുടെ അന്തിമ ലിസ്റ്റ് കൗൺസിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും സ്കോളർഷിപ്പ് തുക അർഹരായവർക്ക് ബാങ്ക് വഴി കൈമാറുകയും ചെയ്യും.

### സ്കോളർഷിപ്പ് പുതുക്കൽ

- ഈ വർഷം സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് തുടർ വർഷങ്ങളിൽ സ്കോളർഷിപ്പ് നൽകുന്നത് അവരുടെ അക്കാദമിക മികവ് വിലയിരുത്തിയിട്ടായിരിക്കും.
- ഇതിനുള്ള മാനദണ്ഡങ്ങളും സ്കോളർഷിപ്പ് നിരക്കുകളും നിശ്ചയിക്കാനുള്ള അധികാരം കൗൺസിലിൽ നിക്ഷിപ്തമായിരിക്കും.

### ആർക്കെല്ലാം അപേക്ഷിക്കാം ?

- സയൻസ്, സോഷ്യൽ സയൻസ്, ഹ്യുമാനിറ്റീസ്, ബിസിനസ്സ് സ്റ്റഡീസ് വിഷയങ്ങളിൽ കേരളത്തിലെ ഗവൺമെന്റ് / എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെ എയ്ഡഡ് കോഴ്സുകൾക്ക് പഠിക്കുന്ന ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം.
- കൂടാതെ, സമാനമായ കോഴ്സുകൾക്ക് ഐ. എച്ച്.ആർ. ഡി. അപ്ലൈഡ് സയൻസ് കോളേജുകളിൽ പഠിക്കുന്ന ഒന്നാം വർഷ ബിരുദവിദ്യാർത്ഥികളും അപേക്ഷിക്കാൻ അർഹരാണ്.
- അപേക്ഷകർ ഇന്ത്യൻ പൗരന്മാരായിരിക്കണം.
- പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾ അപേക്ഷിക്കേണ്ടതില്ല.

### സ്കോളർഷിപ്പ് തുക

| ബിരുദ പഠനത്തിന് | ബിരുദാനന്തര തലത്തിൽ തുടർ പഠനത്തിന് |
|---|---|
| ഒന്നാം വർഷം -₹ 12,000<br>രണ്ടാം വർഷം -₹ 18,000<br>മൂന്നാം വർഷം -₹ 24,000<br>*നാലാം വർഷം -₹ 40,000 | ഒന്നാം വർഷം -₹ 40,000<br>*രണ്ടാം വർഷം -₹ 60,000 |

*FYUGP പ്രകാരം

**31-1-2026 മുതൽ 28-2-2026 വരെ അപേക്ഷ ഓൺലൈനായി സമർപ്പിക്കാനുള്ള സമയം**

### അപേക്ഷിക്കാനുള്ള മിനിമം യോഗ്യതാ മാനദണ്ഡം

| | | |
|---|---|---|
| എസ്. റ്റി. | എല്ലാ വിഷയങ്ങൾക്കും | പാസ്സ് |
| എസ്. സി. | സയൻസ്, ഹ്യുമാനിറ്റീസ്, സോഷ്യൽ സയൻസ് | 55% |
| | ബിസിനസ്സ് സ്റ്റഡീസ് | 60% |
| ഭിന്നശേഷി വിഭാഗം | എല്ലാ വിഷയങ്ങൾക്കും | 45% |
| ബി. പി. എൽ. / ഒ. ബി. സി. | സയൻസ് | 60% |
| | ഹ്യുമാനിറ്റീസ് & സോഷ്യൽ സയൻസ് | 55% |
| | ബിസിനസ്സ് സ്റ്റഡീസ് | 65% |
| പൊതുവിഭാഗം | സയൻസ് & ബിസിനസ്സ് സ്റ്റഡീസ് | 75% |
| | ഹ്യുമാനിറ്റീസ് & സോഷ്യൽ സയൻസ് | 60% |

e-mail: hecscholarship@gmail.com/ Ph. 0471 2301297

**ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്ക് ഈ അക്കാദമിക വർഷം 1000 സ്കോളർഷിപ്പുകൾ നൽകുന്നു**